LIBRARY ARCHIVES Kerala Legislative Assembly

ടെക്നോലോഡ്ജ് പദ്ധതി

23 (2495) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോ ലോഡ്ജ് പദ്ധതി വിശദീകരിക്കുമോ ;

(ബി) ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് ഇപ്പോൾ നൽകിവരുന്നത് ; വിശദാംശം നൽകുമോ ;

(സി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ടെക്നോ ലോഡ്ജ് ആരംഭിച്ചിട്ടുള്ളത് ;

(ഡി) കൂടുതൽ സ്ഥലങ്ങളിൽ ഇവ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പഞ്ചായത്തുകളുടേയും മറ്റു സർക്കാർ ഏജൻസികളുടെയും കൈവശത്തിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ സൗജന്യ നിരക്കിൽ ദീർഘകാല പാട്ടത്തിന് എടുത്ത് ഐ. ടി. ബിസിനസ്സിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് ടെക്നോലോഡ്ജ്. ഇപ്രകാരം ലഭ്യമാകുന്ന വാടകയുടെ 10% കെട്ടിട ഉടമയായ പഞ്ചായത്തിനോ, സർക്കാർ ഏജൻസിക്കോ, കൈമാറുന്നതുമാണ്. ഐ. ടി. തൊഴിൽ സാദ്ധ്യതകൾ ഗ്രാമപ്രദേശങ്ങളിലുംകൂടി ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് ടെക്നോലോഡ്ജ് പദ്ധതിക്കുള്ളത്.

(സി & ഡി) ടെക്നോലോഡ്ജ് പദ്ധതി ഇപ്പോൾ കൊല്ലം ജില്ലയിലെ കടയ്ക്കൽ, പെരിനാട് എന്നിവിടങ്ങളിലാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. കൂടാതെ കൊല്ലം ജില്ലയിലെ തന്നെ അഞ്ചൽ, വെളിയം, പത്തനാപുരം, പൂതക്കുളം എന്നീ പഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ തിരുമാറാടിയിലും ഇടുക്കി ജില്ലയിലെ കരിങ്കുന്നത്തും തൃശ്ശൂർ ജില്ലയിലെ കൊടകര, വേലൂർ എന്നിവിടങ്ങളിലും കണ്ണൂർ ജില്ലയിലെ മയ്യിലും ആരംഭിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തിരുമാറാടിയിലും വെളിയത്തും ടെക്നോലോഡ്ജ് പ്രവർത്തനമാരംഭിക്കാൻ സജ്ജമായിട്ടുണ്ട്.

(ഇ) ഇപ്പോൾ ആരംഭിച്ചിട്ടുള്ള ടെക്നോലോഡ്ജുകളുടെ പ്രവർത്തനം വിലയിരുത്തിയശേഷമേ പുതിയ സ്ഥലങ്ങളിൽ ആരംഭിക്കുന്നകാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

ടെക്നോലോഡ്ജ് പദ്ധതി

24 (2496) ശ്രീ. കെ. വി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ടെക്നോലോഡ്ജ്' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) 'ടെക്നോലോഡ്ജ്' പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത് ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) 'ടെക്നോലോഡ്ജ്' പദ്ധതി എപ്പോൾ നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പഞ്ചായത്തുകളുടേയും മറ്റ് സർക്കാർ ഏജൻസികളുടേയും കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ ദീർഘകാല പാട്ടത്തിന് സൗജന്യ നിരക്കിൽ ഏറ്റെടുത്ത് ഐ.ടി.-ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഐ. ടി. ബിസിനസ്സ് നടത്തുവാൻ വരുന്നവർക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് ടെക്നോലോഡ്ജ്. ഇപ്രകാരം ലഭ്യമാകുന്ന വാടകയുടെ 10% പഞ്ചായത്തിനോ സർക്കാർ ഏജൻസിക്കോ നൽകുകയും ചെയ്യും. ഐ. ടി. തൊഴിൽ സാദ്ധ്യതകൾ ഗ്രാമപ്രദേശങ്ങളിൽകൂടി എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(ബി) 2007-08-ൽ സംസ്ഥാനത്ത് ചെറുകിട ഐ. ടി. പാർക്കുകൾ സ്ഥാപിക്കാൻ ഒറ്റത്തവണ കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപയിൽ നിന്നാണ് ഇതിലേക്കുള്ള ചെലവുകൾ നടത്തുന്നത്.

(സി) കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി 11 സ്ഥലത്ത് ടെക്നോലോഡ്ജ് ആരംഭിക്കാനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഐ.ടി.-ക്ക് ആവശ്യംവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ പഞ്ചായത്തുകളുടേയും മറ്റ് സർക്കാർ ഏജൻസികളുടേയും ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ ദീർഘകാല പാട്ടത്തിന് സൗജന്യ നിരക്കിൽ ഏറ്റെടുത്ത്, ആവശ്യമായ സൗജന്യങ്ങൾ ഏർപ്പെടുത്തി ഐ. ടി. ബിസിനസ്സിന് വരുന്നവർക്ക് വാടകയ്ക്ക് നൽകുകയും ലഭിക്കുന്ന വാടകയുടെ 10% ബന്ധപ്പെട്ട പഞ്ചായത്തുകൾക്കോ സർക്കാർ ഏജൻസികൾക്കോ നൽകുക എന്നതുമാണ് ഇപ്പോൾ ഇത് സംബന്ധിച്ചുള്ള തീരുമാനം.

(ഡി) പൈലറ്റ് പദ്ധതിയായി കൊല്ലം, ജില്ലയിലെ പെരിനാടും കടയ്ക്കലും ആരംഭിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിലെ തിരുമാറാടി, കൊല്ലം ജില്ലയിലെ വെളിയം കണ്ണൂർ ജില്ലയിലെ മയ്യിൽ എന്നിവിടങ്ങളിൽ പദ്ധതി ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ജൈൻ മൈനോറിറ്റി സെൽ രൂപീകരണം

25 (2497) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ജൈൻ മൈനോറിറ്റി സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly